# ക്രിസ്തുവിൽ പ്രത്യാശയുള്ളവരാകുക

## 1 തെസ്സലൊനിക്യർ 4:13

"സഹോദരന്മാരേ, നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദു:ഖിക്കാതിരിക്കേണ്ടതിന്നു നിദ്രകൊള്ളുന്നവരെക്കുറിച്ചു അറിവില്ലാതിരിക്കരുതു എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു."

ഈ ലോകജീവിതത്തിൽ ഇന്ന് മനുഷ്യർക്ക് പ്രത്യാശ നൽകുവാൻ തക്കവണ്ണം പല കാര്യങ്ങളും നിലനിൽക്കുന്നു. അതേസമയം വി. വേദപുസ്തകത്തിൽ പ്രത്യാശയോടുള്ള ബന്ധത്തിൽ പല തരക്കാരായ ആളുകളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നതായി നമുക്ക് കാണാം. പൗലോസ് അപ്പൊസ്തോലൻ തന്റെ മിക്ക ലേഖനങ്ങളിലും ഈ വക ആളുകളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. പ്രകൃതിയാൽ ജാതികളായിരുന്നവരെക്കുറിച്ച്, അവർ ക്രിസ്തുവിനെ കൂടാതെയുള്ളവരായിരുന്നു എന്നും, പ്രത്യാശയില്ലാത്തവരായിരുന്നു എന്നും രേഖപ്പെടുത്തിയിരിക്കുന്നു (എഫെസ്യർ 2:12). എന്നാൽ മറ്റൊരു കൂട്ടം ആളുകൾ ക്രിസ്തുവിൽ പ്രത്യാശയുള്ളവരാണ്, പക്ഷെ അത് അവർക്ക് അവരുടെ ഈ ലോകവാസത്തിനു വേണ്ടി ആണെന്ന് മാത്രം. ഇങ്ങനെയുള്ളവരെ വചനം വിളിക്കുന്നത് സകലമനുഷ്യരിലും അരിഷ്ഠന്മാർ എന്നത്രേ (1 കൊരിന്ത്യർ 15:19). എന്നാൽ ഇവരിൽ നിന്നെല്ലാം വ്യത്യസ്തരായി, മഹാദൈവവും, രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതക്കായിട്ട് കാത്തിരുക്കുന്ന ഒരു കൂട്ടരുണ്ട്, ഇവരത്രേ ഭാഗ്യകരമായ പ്രത്യാശയുള്ളവർ (തീത്തൊസ് 2:12).

നമുക്കറിയാം, ക്രിസ്തു വിശ്വാസികളായ ആരും തന്നെ ഒന്നാമത്തെ കൂട്ടമായ പ്രത്യാശയില്ലാത്തവരിൽ പെടുകയില്ല. ഒന്നുകിൽ അവരെ രണ്ടാമത്തെ ഗണമായ അരിഷ്ഠന്മാരുടെ കൂട്ടത്തിലോ, അല്ലെങ്കിൽ ഭാഗ്യകരമായ പ്രത്യാശയുള്ളവരുടെ മൂന്നാമത്തെ ഗണത്തിലോ പെടുത്താം. എന്നാൽ ഇവിടുത്തെ പ്രധാന വിഷയം ക്രിസ്തു നമ്മുടെ ജീവിതത്തിൽ ഉണ്ടോ ഇല്ലയോ എന്നുള്ളതല്ല, മറിച്ച് ക്രിസ്തുവിലുള്ള നമ്മുടെ പ്രത്യാശ എപ്രകാരം ആയിരിക്കുന്നു എന്നതത്രേ. ഇന്ന് എല്ലാവർക്കും ക്രിസ്തുവിനെ വേണം; അത് ഈ ഒരു ആയുസ്സിൽ പ്രത്യാശ വെക്കുവാൻ വേണ്ടി മാത്രമാണ്. ഇക്കൂട്ടർ ഈ ഒരു ആയുസ്സിനു വേണ്ടുന്ന സകല ഭൗതീകതയും ലഭിക്കുവാൻ, ക്രിസ്തുവിനെ അന്വേഷിക്കുന്നു, അവനെ അനുഗമിക്കുന്നു, അതോടൊപ്പം ക്രിസ്തുവിനോടു പ്രാർത്ഥിക്കുന്നു. അങ്ങിനെയാകുമ്പോൾ പ്രത്യാശയില്ലാത്ത ജാതികളിൽ നിന്നും

ഇക്കൂട്ടർക്ക് പിന്നെ എന്ത് പ്രത്യേകതകളാണുള്ളത്. ആയതിനാൽ അവർ സകല മനുഷ്യരിലും അരിഷ്ഠന്മാർ എന്നുള്ള നാമകരണത്തിനു അർഹരായിത്തീർന്നിരിക്കുന്നു.

എന്നാൽ ക്രിസ്തുവിനെ ഈ ആയുസ്സിൽ മാത്രമല്ല, ഈ ആയുസ്സിനു ശേഷം ഒരു ജീവിതമുണ്ടെന്നും, ആ ജീവിതത്തിൽ അവർ ക്രിസ്തുവിനോടൊപ്പം ആയിരിക്കും എന്നും പ്രത്യാശിക്കുന്നവരാണ് മൂന്നാമത്തെ കൂട്ടർ. ആ ഭാഗ്യകരമായ പ്രത്യാശയെപ്പറ്റി അപ്പൊ. പൗലോസ് ഇപ്രകാരം പറഞ്ഞിരിക്കുന്നു, 'ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം: നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യ കാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമെക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും.' (1 കൊരിന്ത്യർ 15:51–52). പ്രിയ ദൈവപൈതലേ, ഇന്നീ ധ്യാനചിന്തയിലൂടെ കടന്നു പോകുമ്പോൾ നമ്മോടു തന്നെ ഒന്നു ചോദിക്കാം, ഞാൻ ഇതിൽ ഏതു ഗണത്തിൽപ്പെടുമെന്ന്. ആദ്യത്തെ കൂട്ടത്തിൽ ആവില്ല എന്നത് ഉറപ്പായ കാര്യമാണ്. കാരണം നമ്മുടെ അതിക്രമങ്ങൾക്കും, പാപങ്ങൾക്കും വേണ്ടി ഒരുവൻ കുരിശിൽ മരിച്ച്, ഉയിർത്ത് ഇന്നും ജീവിക്കുന്നു. അവനിൽ വിശ്വസിച്ച് അവന്റെ രക്ഷണ്യപദ്ധതിയിൽ ചേർക്കപ്പെട്ടവരായ നാം, രണ്ടാമത്തെ ഗണത്തിലാണോ അതോ, മൂന്നാമത്തേതിലാണോ എന്നാണ് തീർച്ചവരുത്തേണ്ടിയത്.

പ്രിയരേ, കാഹളത്തിൻ ധ്വനി കേൾക്കാൻ ഇനി അധികം സമയം ബാക്കിയില്ല. ക്രിസ്തുവിൽ ഉറച്ച പ്രത്യാശയുള്ളവരായി നിലനിൽപാൻ ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ ഓരോരുത്തരേയും സഹായിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

1 തെസ്സലൊനിക്യർ 4:16–17

കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും

ബ്രദർ. ബിനു ബേബി ആലപ്പുഴ 194